**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1380** **06-02-2020 ൽ മറുപടിക്ക്**

**മാതൃകാ അങ്കണവാടിക്ക് സ്ഥലം കൈമാറുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ വലിയതുറ, ശംഖുമുഖം എന്നിവിടങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കുന്നതിനായി നിർദ്ദേശിച്ചിരുന്ന സ്ഥലം കൈമാറുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പ്രസ്തുത പദ്ധതിയ്ക്ക് ഭൂമി കൈമാറുന്നതിനായി കണ്ടെത്തിയ പ്രൊപ്പോസലുകളിൽ ന്യൂനതകൾ കണ്ടെത്തിയതിനെ തുടർന്ന് ആയത് പരിഹരിക്കുന്നതിനും നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കുന്നതിനും ഐ.സി.ഡി.എസ്.ന് നിർദ്ദേശം നൽകിയതിനെ തുടർന്ന് ആയവ ന്യൂനതകൾ മാറ്റി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിരുന്നു. എന്നാൽ തുടർന്നു നടത്തിയ സ്ഥല പരിശോധനയിൽ അങ്കണവാടിയ്ക്ക് അനുയോജ്യമായ സ്ഥലം മറ്റിടങ്ങളിൽ കണ്ടെത്തുകയും പ്രസ്തുത സ്ഥലത്തിന് ശിപാർശ സഹിതമുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതുമാകുന്നു. |
| (ബി) | പ്രൊപ്പോസൽ സമർപ്പിച്ച് രണ്ടരവർഷം പിന്നിട്ടിട്ടും റവന്യൂ വകുപ്പ് ഭൂമി കൈമാറാത്തതിനാൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ കഴിയാത്ത സ്ഥിതി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും | ഇക്കാര്യത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നും ഭൂമി കൈമാറുന്നതു സംബന്ധിച്ച കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**